**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2441 19.03.2015-ൽ മറുപടിക്ക്**

**<u>പുറത്തൂർ സി.എച്ച്.സി-യിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി</u>**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.ടി.ജലീൽ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ സി.എച്ച്.സി-യിൽ ഗൈനക്കോളജിസ്റ്റടക്കം മൂന്ന് ഡോക്ടർമാരുടെ കുറവുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തവനൂർ മണ്ഡലത്തിലെ പുറത്തൂർ സി.എച്ച്.സി-യിൽ നിലവിലുള്ള അഞ്ച് അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകളിൽ അഞ്ച് മെഡിക്കൽ ഓഫീസർമാർ ജോലി നോക്കി വരുന്നു. കൂടാതെ എൻ.ആർ.എച്ച്.എം-ൽ നിന്നും ഒരു ഡോക്ടറും പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്നുണ്ട്. ഗൈനക്കോളജിസ്റ്റിന്റെ തസ്തിക നിലവിൽ ഈ സ്ഥാപനത്തിൽ സൃഷ്ടിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ അടിയന്തിരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേക്ക് നിയമിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ